**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T4817 01/07/2013 ൽ മറുപടിക്ക്

# ഇ-വേസ്റ്റ് നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ഇത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ട്യൂബ് ലൈറ്റുകൾ, കോംപാക്റ്റ് ഫ്ലൂറസന്റ് ലാമ്പുകൾ എന്നിവയും ഇ-വേസ്റ്റ് ഗണത്തിൽപ്പെടും. ആകയാൽ അവ സംസ്ഥാനത്ത് എല്ലായിടത്തും ഉണ്ടാകുന്നുണ്ട്. |
| (സി) ഇത്തരം വേസ്റ്റുകൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) കേന്ദ്രസർക്കാർ 2011-ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) ചട്ടങ്ങൾ 2012 മേയ് മാസം മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനങ്ങളിലുള്ള ഇ-മാലിന്യ സംസ്കരണ സംവിധാനത്തിന് കൈമാറുന്ന അംഗീകൃത സ്വകാര്യ സംരംഭകർ നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനത്തിന് ഇ-മാലിന്യം ശേഖരിക്കുവാനും, സൂക്ഷിക്കുവാനും തുടർന്ന് ബംഗളൂരുവിലെ 'ഇ-പരിസര' എന്ന പേരിലുള്ള ഇ-മാലിന്യസംസ്കരണ സ്ഥാപനത്തിന് കൈമാറാനും മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എറണാകുളം ജില്ലയിൽ ഒരു ഇ-മാലിന്യ ശേഖരണ സംവിധാനം തുടങ്ങുന്നതിനായി സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തനാനുമതിക്കായി സമർപ്പിച്ച അപേക്ഷ ബോർഡിന്റെ പരിഗണനയിലാണ്. ഇ-മാലിന്യ ശേഖരണത്തിനായി അൽ-അമീൻ ഇൻഡസ്ട്രീസ്, ആലുവ വേണാട് സ്റ്റീൽ കോർപ്പറേഷൻ, നേമം, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾക്കും ആതറൈസേഷൻ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇ-മാലിന്യം വേർതിരിച്ച് ഒരു കേന്ദ്രീകൃത ശേഖരണ സംവിധാനവും അംഗീകൃത സംഭരണ ഏജൻസികൾ മുഖേന അവ അന്യസംസ്ഥാനങ്ങളിലുള്ള സംസ്കരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുമുള്ള സൗകര്യങ്ങളും ഏർപ്പാടാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. |

4

സെക്ഷൻ ഓഫീസർ